# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3449 — 19-10-2016 ൽ മറുപടിയ്ക്ക്.

### ഷൊർണ്ണൂർ മണ്ഡലത്തിലെ ഇറിഗേഷൻ/വാട്ടർ അതോറിറ്റി പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ശശി | | ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയിലോരോന്നിലും മുൻ സർക്കാരുകളുടെ കാലത്തു തുടങ്ങി വച്ചവയും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ ഇറിഗേഷൻ/വാട്ടർ അതോറിറ്റി എന്നിവയിൻ കീഴിലെ പ്രവൃത്തികൾ ഏതെല്ലാം, വിശദാംശം ലഭ്യമാക്കുമോ; | (എ) | **കേരള ജല അതോറിറ്റി**<br>ഷൊർണ്ണൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഉപയോഗിച്ച് കേരള ജല അതോറിറ്റിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.<br>**I.** ഷൊർണ്ണൂർ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ<br>1. മേച്ചിലാത്ത് കുന്ന് കുടിവെള്ള പദ്ധതി - 46.85 ലക്ഷം<br>2. പന്തലാട്ടുപറമ്പ് കുടിവെള്ള പദ്ധതി (14-15) - 8 ലക്ഷം<br>3. പി.വി.ജെ.ബി കോളനി പൈപ്പ് ലൈൻ (14-15) - 15 ലക്ഷം<br>4. വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ - 3 ലക്ഷം (വാർഡ് 6, 13, 30)<br>5. 118 എസ്.സി കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി (15-16) - 8.65 ലക്ഷം<br>6. പഴനിപറമ്പ് കുടിവെള്ള പദ്ധതി (15-16) - 14 ലക്ഷം<br>7. മുല്ലയ്ക്കൽ കോളനി പൈപ്പ് ലൈൻ(15-16)- 3.38 ലക്ഷം<br>**II.** ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ<br>പോണാട് കുടിവെള്ള പദ്ധതി - വാണിയംകുളം ഗ്രാമപഞ്ചായത്ത് - 10 ലക്ഷം<br>**III.** ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ<br>വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്- 7.30 ലക്ഷം |

| | | | |
|---|---|---|---|
| | | | **ജലസേചന വകുപ്പ്**<br>1. അനങ്ങനടി പഞ്ചായത്ത് കടിശീരിത്തോട് (പനമണ്ണ പാടശേഖരം) പൊട്ടിയ ഭാഗം അടിയന്തിര അറ്റകുറ്റപ്പണി<br>2. പുനരധിവാസം 2015-16 ചെർപ്പളശ്ശേരി പഞ്ചായത്തിലെ കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ അടിയന്തിര നവീകരണവും അറ്റകുറ്റപ്പണികളും<br>3. മിർപ 2015-16 വാണിയംകുളം ഗ്രാമപഞ്ചായത്ത് ത്രാങ്ങാലി എൽ.ഐ.സ്കീം അടിയന്തിര നവീകരണവും അറ്റകുറ്റപ്പണികളും. |
| (ബി) | ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്നും, എപ്പോൾ പണി പൂർത്തീകരിക്കാൻ കഴിയുമെന്നും, അതിനാവശ്യമായ ഘടകങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) & (സി) | **കേരള ജല അതോറിറ്റി**<br>**I. ഷൊർണൂർ നഗരസഭയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ**<br>1. മേച്ചിലാത്ത് കുന്ന് കുടിവെള്ള പദ്ധതി<br>ഭാരതപ്പുഴയിലെ കിണർ, ഇൻഫിൽട്രേഷൻ ഗാലറി, പമ്പ് ഹൗസ്, പൈപ്പ്ലൈൻ എന്നിവ ഇതിനകം ഏകദേശം പൂർത്തിയായി. പമ്പ് സെറ്റിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 50000 ലിറ്റർ ഉന്നതതല സംഭരണിയുടെ ദർഘാസ് സ്ഥിരീകരിക്കാനുണ്ട്. സംഭരണിക്കുള്ള സ്ഥലം സംബന്ധിച്ച് ധാരണയായി. സ്ഥലം കൈമാറി കിട്ടിയിട്ടില്ല. ജലസംഭരണി പൂർത്തിയാകുന്നതിനു മുമ്പു തന്നെ വൈദ്യുതകണക്ഷനും മോട്ടോറും സ്ഥാപിച്ചു കഴിഞ്ഞാൽ ഈ പദ്ധതി ഈ വർഷം തന്നെ ഭാഗികമായി പൂർത്തീകരിക്കാൻ സാധിക്കും.<br>2. പന്തലാട്ടുപറമ്പിലുള്ള കുടിവെള്ള പദ്ധതി<br>നിലവിലുള്ള ഷൊർണ്ണൂർ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും സംപിൽ ജലം ശേഖരിച്ച് ഉയർന്ന പ്രദേശത്തേയ്ക്ക് ജലവിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആയതിൽ സംപു മുതൽ ടാങ്കു വരെയുള്ള പൈപ്പ്ലൈൻ പൂർത്തിയായി. സംപ്, പമ്പ് ഹൗസ് എന്നിവയ്ക്കുള്ള സ്ഥലം നഗരസഭ ലഭ്യമാക്കാത്തതിനാൽ ഇവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സ്ഥലം ലഭ്യമായാൽ രണ്ടുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരിക്കാൻ കഴിയാതെ പ്രവർത്തനം നിലച്ചുനിൽക്കുന്നതിന്റെ കാരണങ്ങൾ എന്താണ്;<br>ഇവ പരിഹരിച്ച് പണി പൂർത്തീകരിക്കാനായി ജലവിഭവം/ജല അതോറിറ്റി എന്നീ വകുപ്പുകളുടെ പക്കലുള്ള നിർദ്ദേശങ്ങളും, തുടരാൻ വേണ്ടിയുള്ള നടപടിക്രമങ്ങളും എന്താണെന്നും വ്യക്തമാക്കുമോ? | | |

3. പി.വി.ജെ.ബി കോളനി പൈപ്പ്ലൈൻ

പ്രസ്തുത പ്രവൃത്തിയ്ക്ക് 08-04-2016 ന് പ്രവർത്തന ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡ് സംരക്ഷണ ചെലവിനത്തിലേയ്ക്കുള്ള തുക എത്രയെന്ന് അറിയിച്ച്, തുക അടച്ച് അനുമതി ലഭിച്ചു കഴിഞ്ഞാലേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയൂ. അനുമതി ലഭിച്ച് ഒരു മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും.

4. വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ

വാർഡ് 6, വാർഡ് 13 എന്നിവിടങ്ങളിലേയ്ക്കുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയായി. വാർഡ് 30 ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കും.

5. 118 എസ്.സി കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതി

63 എണ്ണം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഉടമസ്ഥാവകാശ സാക്ഷ്യപത്രം സമർപ്പിച്ചതിലുള്ള പോരായ്മകൾ മൂലം പ്രവൃത്തി പൂർത്തീകരിക്കാനായില്ല.

6. പഴനിപറമ്പ് കുടിവെള്ള പദ്ധതി

കുഴൽകിണർ കുഴിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കുഴൽ കിണർ കുഴിച്ച് ജലലഭ്യത അനുസരിച്ച് മാത്രമേ ബാക്കി പ്രവൃത്തികൾ ഏർപ്പാടാക്കുവാൻ കഴിയുകയുള്ളൂ.

7. മുല്ലക്കൽ കോളനി പൈപ്പ്ലൈൻ

05-08-2016 ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നവംബർ മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

**II. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തി**

പോണാട് കുടിവെള്ള പദ്ധതി

കുഴൽകിണർ സ്രോതസ്സ് കുഴിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കുഴൽകിണർ കുഴിച്ച് ജലലഭ്യത അനുസരിച്ച് മാത്രമേ ബാക്കി പ്രവൃത്തികൾ ഏർപ്പാടാക്കുവാൻ കഴിയുകയുള്ളൂ.

| | | | |
|---|---|---|---|
| | | | **III. ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ**<br>വെള്ളിനേഴി പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക്<br>പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>ഇതുകൂടാതെ നെല്ലായ കുലുക്കല്ലൂർ പഞ്ചായത്തുകൾക്കായുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ഇതിൽ നെല്ലായ പഞ്ചായത്ത് ഷൊർണ്ണൂർ മണ്ഡലത്തിലാണ്. നെല്ലായ കുലുക്കല്ലൂർ പഞ്ചായത്തുകൾക്കായുള്ള ഈ കുടിവെള്ള പദ്ധതിയിൽ ജലശുദ്ധീകരണശാല, കിണർ, രണ്ടു പഞ്ചായത്തുകളിലും ഉന്നതതല സംഭരണി, രണ്ടു പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖല, പമ്പുകൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഇതിന്റെ പ്രധാന ഘടകങ്ങളെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. ക്ലിയർ വാട്ടർ പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>**ജലസേചന വകുപ്പ്**<br>കടിശീരിത്തോട് പൊട്ടിയ ഭാഗം അടിയന്തിര അറ്റകുറ്റപ്പണി, കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷന്റെ അടിയന്തിര നവീകരണവും അറ്റകുറ്റപ്പണികളും എന്നീ പ്രവൃത്തികൾ 2017 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. ത്രാങ്ങാലി എൽ.ഐ. സ്കീം അടിയന്തിര നവീകരണവും അറ്റകുറ്റപ്പണികളും എന്ന പ്രവൃത്തി ആദ്യ കരാറുകാരനെ ഒഴിവാക്കി മൂന്നു തവണ ടെൻഡർ നടത്തിയെങ്കിലും കരാറുകാരുടെ ഭാഗത്ത് നിന്നും പ്രവൃത്തി ഏറ്റെടുക്കുന്നതിന് ആരും തയ്യാറായില്ല. പ്രസ്തുത പ്രവൃത്തിയ്ക്ക് പുതിയ നിരക്കും പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരവുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി റീടെൻഡർ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**